**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1516** — **11-09-2023 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി വിദ്യാർത്ഥികൾക്കായി സവിശേഷ വിദ്യാലയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീമതി യു പ്രതിഭ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷി വിദ്യാർത്ഥികൾക്കായി സ്ഥാപിച്ച സവിശേഷ വിദ്യാലയങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട ജീവിതം സാധ്യമാക്കുന്നതിന് അത്തരം വിദ്യാലയങ്ങൾ എത്രത്തോളം സഹായകമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | **ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന സർക്കാർ/ എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങൾ ഉൾപ്പെടെ സവിശേഷ വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. സ്പെഷ്യൽ സ്കൂൾ പാക്കേജ് പ്രകാരം ധനസഹായം നൽകുന്ന എൻ.ജി.ഒ.കൾ, പഞ്ചായത്ത് എന്നിവ നടത്തുന്ന സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങളും വിലയിരുത്തുന്നുണ്ട്. കുട്ടികൾക്കാവശ്യമായ തെറാപ്പി, കലാ- കായിക വിഷയങ്ങൾ എന്നിവയ്ക്ക് പുറമേ സ്പെഷ്യൽ എഡ്യൂക്കേഷനിൽ യോഗ്യത നേടിയ അധ്യാപകർ, നഴ്സ്, ആയ എന്നിവരുടെ സേവനവും സ്പെഷ്യൽ സ്കൂൾ പാക്കേജ് മുഖേന സ്പെഷ്യൽ സ്കൂളുകളിൽ ലഭ്യമാക്കുന്നുണ്ട്.** |
| (ബി) | സവിശേഷ വിദ്യാലയങ്ങളിൽ ഏകീകരിച്ച പ്രവർത്തന പാക്കേജ് നടപ്പാക്കിയിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് അതുവഴി ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ; | (ബി) | **ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്നതും എൻ.ജി.ഒ.കൾ, പഞ്ചായത്ത് എന്നിവ നടത്തുന്നതുമായ സ്പെഷ്യൽ സ്കൂളുകൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ചിരുന്നു. 2019 മുതൽ സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി സ്പെഷ്യൽ സ്കൂൾ പാക്കേജ് നടപ്പിലാക്കുകയും സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പ്രകാരം സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, കുട്ടികളുടെ എണ്ണം, നിശ്ചിത യോഗ്യതയുള്ള ജീവനക്കാർ, സ്കൂളുകൾ നൽകുന്ന സേവനങ്ങൾ എന്നിവ പരിഗണിച്ച് സ്കൂളുകളെ എ,ബി,സി,ഡി ഗ്രേഡുകൾ തിരിച്ച് സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്യുന്നു. ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്കുള്ള ഹോണറേറിയം, കുട്ടികൾക്കുള്ള കണ്ടിജൻസി, മെഡിക്കൽ ചെക്കപ്പ്, യൂണിഫോം അലവൻസ് എന്നതിനു പുറമേ തെറാപ്പി ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിവ** |

| | | | |
|---|---|---|---|
| | | | **വാങ്ങുന്നതിനും തുക അനുവദിക്കുന്നു. ഇതിലൂടെ കുട്ടികൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നു.** |
| (സി) | കാഴ്ച / ശ്രുവണ പരിമിതരായ വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സവിശേഷ സ്കൂളിലെ അദ്ധ്യാപകർക്ക് പരിശീലന, ശാക്തീകരണ പരിപാടികൾ നടപ്പാക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | **എസ്.സി.ഇ.ആർ റ്റി മുഖേന പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. 2023-24 വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും ശ്രുവണ/കാഴ്ച പരിമിതിയുള്ള കുട്ടികളെ പഠിപ്പിക്കുന്ന സർക്കാർ സ്പെഷ്യൽ സ്കൂളുകളിലെ പ്രഥമാധ്യാപകർക്കും, അധ്യാപകർക്കും പരിശീലനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.** |

സെക്ഷൻ ഓഫീസർ